**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2396** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾ വഴിയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നവർക്കായുള്ള ഇൻസെന്റീവ് ഒരു വീടിന് എത്ര രൂപയാണ് നൽകി വരുന്നതെന്നും ഈയിനത്തിൽ എത്ര പേരെ വിതരണം നടത്താൻ നിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ വഴി സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിന് ഒരു ഗുണഭോക്താവിന് 30/- രൂപ നിരക്കിലാണ് ഇൻസെന്റീവ് ഇനത്തിൽ അനുവദിക്കുന്നത്. ഈയിനത്തിൽ സുരക്ഷാ പെൻഷൻ വീടുകളിൽ നേരിട്ട് വിതരണം നടത്തുന്നതിനായി 10082 പേരെ നിയോഗിച്ചിട്ടുണ്ട്.** |
| (ബി) | ഈയിനത്തിൽ നൽകിയ ഇൻസെന്റീവ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സാമ്പത്തിക വർഷം** — **ഇൻസെന്റീവ് തുക**<br>2016-17 — 117959400<br>2017-18 — 441962600<br>2018-19 — 284248800<br>2019-20 — 298861650<br>2020-21 — 506197300<br>2021-22 — 1181949150<br>2023-24 — 1176582600<br>2024-25 — 341190540 |
| (സി) | പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഏതു കാലയളവു മുതൽ നൽകാനുണ്ടെന്നും കുടിശ്ശിക നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (സി) | 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഇൻസെന്റീവ് തുക 13.09.2024-ലെ സ.ഉ(സാധാ)നം. 7000/2024-ധന നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 2024 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഇൻസെന്റീവ് തുകയാണ് ഇനി അനുവദിക്കാനുള്ളത്. |

| | | | |
|---|---|---|---|
| | | | ആയതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ